"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ. ഹരിപ്രിയ പി.ആർ -ന് കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.914/2026/LBR തീയതി,തിരുവനന്തപുരം, 22-08-2026

---

പരാമർശം:-

1) അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ. ഹരിപ്രിയ പി.ആർ 25.04.2026 ൽ സമർപ്പിച്ച അവധി അപേക്ഷ.
2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 09.06.2026 ലെ ഇ1-1422/2025/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ 07.03.2025 ൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ആയി സർവ്വീസിൽ പ്രവേശിച്ച ഡോ.ഹരിപ്രിയ പി ആർ ന് (പെൻ 1028998), 09.04.2025 മുതൽ 15.04.2025 വരെ ശൂന്യവേതനാവധിയും പാരിപ്പള്ളി ഗവ. മെഡിക്കൽ കോളേജിൽ പിഡിയാട്രിക്സ് വിഭാഗത്തിൽ സീനിയർ റസിഡൻസി ചെയ്യുന്നതിന് 16.04.2025 മുതൽ 15.04.2026 വരെ പഠനാവശ്യത്തിന് ശൂന്യവേതനാവധിയും അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. പ്രസ്തുത അപേക്ഷ ശിപാർശ സഹിതം പരാമർശം (2) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ. ഹരിപ്രിയ പി. ആർ. -ന് 16.04.2025 മുതൽ 15.04.2026 വരെ കെ.എസ്.ആർ., ഭാഗം I, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചു കൊണ്ടും, കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII-B പ്രകാരമുള്ള ശൂന്യവേതനാവധി ഒരു കോഴ്സിന്റെ പൂർണ്ണമായ കാലയളവിലേക്ക് മാത്രമേ അനുവദിക്കാനാകൂ എന്നതിനാലും, ഈ അവധിയോടൊപ്പം മറ്റ് അവധികളൊന്നും ചേർത്ത് അനുവദിക്കാനാവാത്തതിനാലും 09.04.2025 മുതൽ 15.04.2025 വരെയുള്ള കാലയളവ് മുൻകാല സർവീസ് നഷ്ടമാകും വിധം നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ പി ആർ
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.

ഡോ.ഹരിപ്രിയ പി.ആർ, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ധനകാര്യ വകുപ്പ് (29.07.2026 ലെ 3576035/LBR-1/173/26-FIN പ്രകാരം)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Digitally signed by
Salini S
Date: 24-08-2026
11:52:16

സെക്ഷൻ ഓഫീസർ